'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മുൻ തൃശ്ശൂർ നഗരവികസന അതോറിറ്റിയിൽ നിന്നും പുനർവിന്യസിക്കപ്പെട്ട് തൃശ്ശൂർ കോർപ്പറേഷനിൽ സീനിയർ ക്ലാർക്കായി ജോലി ചെയ്തു വരുന്ന ശ്രീമതി.കെ.സുഗന്ധി- മുൻകാലപ്രാബല്യത്തോടെ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം)നം.97/2019 നമ്പർ കേസിന്മേലുള്ള 16.01.2019-ലെ വിധിന്യായം - കോടതി നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2002/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/09/2019

---

പരാമർശം:- 1 30.03.2007-ലെ സ.ഉ(കൈ)നം.98/2007/തസ്വഭവ.

2 21.05.2013-ലെ സ.ഉ(കൈ)നം.191/2013/തസ്വഭവ.

3 30.03.2017-ലെ സ.ഉ(കൈ)നം.73/2017/തസ്വഭവ.

4 ശ്രീമതി.കെ.സുഗന്ധി സമർപ്പിച്ച 04.08.2017 തീയതിയിലെ നിവേദനം

5 ഒ.എ(ഇ.കെ.എം)നം.97/2019 നമ്പർ കേസിന്മേലുള്ള 16.01.2019-ലെ വിധിന്യായം.

6 തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ 11.03.2019-ലെ ജി2/7811/2019 നമ്പർ കത്ത്.

7 നഗരകാര്യ ഡയറക്ടറുടെ 20.03.2019-ലെ ഇ3-37695/2017 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ നഗരവികസന അതോറിറ്റിയിൽ പി.എസ്.സി മുഖാന്തിരം എൽ.ഡി.ക്ലാർക്ക് തസ്തികയിൽ 13.05.1998-ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.കെ.സുഗന്ധിക്ക് 24.06.2000 പ്രാബല്യത്തിൽ സീനിയർ ക്ലാർക്കായ് അതോറിറ്റിയിൽ സ്ഥാനക്കയറ്റം ലഭിച്ചു. തുടർന്ന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അതോറിറ്റി നിർത്തലാക്കി ജീവനക്കാരെ തൃശ്ശൂർ കോർപ്പറേഷനിലേക്ക പുനർവിന്യസിച്ചു. പിന്നീട് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അതോറിറ്റി പുനഃസ്ഥാപിച്ച ഉത്തരവായപ്പോൾ സീനിയർ ക്ലാർക്കായി ഓപ്ഷൻ നൽകി ടിയാരി അതോറിറ്റിയിലേക്ക സ്വമേധയാ മടങ്ങിപോയി. പുനഃസ്ഥാപിച്ച അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ഒഴിവുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പി.എസ്.സി അഡ്വൈസ് ലിസ്റ്റ് പ്രകാരം ടിയാളെക്കാൾ സീനിയറായ ശ്രീ.വി.അനിൽകുമാറിന് 01.01.2014 പ്രാബല്യത്തിൽ ഉദ്യോഗകയറ്റം നൽകി. അന്ന് അതോറിറ്റിയിൽ സുഗന്ധിക്ക് കൂടി സ്ഥാനക്കയറ്റം നൽകുന്നതിന് ഒഴിവ് ഉണ്ടായിരുന്നില്ല. പിന്നീട് പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം അതോറിറ്റി ജീവനക്കാരെ വീണ്ടും തൃശ്ശൂർ കോർപ്പറേഷനിൽ ലയിപ്പിക്കുകയും ശ്രീമതി.സുഗന്ധി സീനിയർ ക്ലാർക്ക് ആയി കോർപ്പറേഷനിൽ സേവനമനുഷ്ഠിച്ചു വരികയുമാണ്.

(2) ശ്രീമതി.കെ.സുഗന്ധി മുൻകാലപ്രാബല്യത്തോടെ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ(ഇ.കെ.എം)നം.97/2019 നമ്പർ കേസ് ഫയൽ ചെയ്തു. ടി കേസിൽ ബഹു.ട്രിബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (5) വിധിന്യായത്തിൽ ടിയാൾ ഉചിതമാർഗ്ഗേണ സർക്കാരിൽ സമർപ്പിച്ച എന്ന് പറയുന്ന പരാമർശം (4) നിവേദനത്തിൽ (A11) മൂന്ന്

മാസത്തിനകം പരാതിക്കാരിയെ നേരിൽ കേട്ട് സർക്കാർ തീരുമാനം എടുക്കണമെന്ന് ഉത്തരവായി. ടിയാളുടെ പരാമർശം (4) നിവേദനത്തിൽ തന്നോടൊപ്പം ഒരേ തീയതിയിൽ തൃശ്ശൂർ നഗര വികസന അതോറിറ്റിയിൽ എൽ.ഡി.ക്ലാർക്ക് ആയി ജോലിയിൽ പ്രവേശിച്ച ശ്രീ അനിൽകുമാറിന് 01.01.2014 പ്രാബല്യത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ അതോറിറ്റി സ്ഥാനക്കയറ്റം നൽകിയതിനാൽ ടി തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ തനിക്കും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം നൽകണമെന്നാണ് ആവശ്യം. പരാമർശം (5) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിയെ 08.08.2019-ലെ നേരിൽ കേട്ടിരുന്നു.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തൃശ്ശൂർ നഗരവികസന അതോറിറ്റി ജീവനക്കാർക്ക് കേരള ഡവലപ്മെൻറ് അതോറിറ്റി ചട്ടങ്ങൾ പ്രകാരമായിരുന്നു സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നത്. പി.എസ്.സി വഴി തൃശ്ശൂർ നഗരവികസന അതോറിറ്റിയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ 13.05.1998-ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.കെ.സുഗന്ധിക്ക് ആയതിനാൽ തന്നെ മുനിസിപ്പൽ കോമൺ സർവ്വീസിൽ സർക്കാർ വിവിധ കാലയളവുകളിൽ അനുവദിച്ച തസ്തികകൾ പരിഗണിച്ച് ഇപ്പോൾ മുൻകാല പ്രാബല്യത്തോടെ ഉദ്യോഗക്കയറ്റം അനുവദിക്കണമെന്ന വാദം നിലനിൽക്കുന്നതല്ല. പരാമർശം (2) പ്രകാരം അതോറിറ്റി പുനഃസ്ഥാപിച്ച് ഉത്തരവായപ്പോൾ സീനിയർ ക്ലാർക്കായി ഓപ്ഷൻ നൽകി ടിയാരി സ്വമേധയാ അതോറിറ്റിയിലേക്കു മടങ്ങിപോയിട്ടുള്ളതാണ്. ടി ഉത്തരവിൽ ഇപ്രകാരം ഓപ്ഷൻ വാങ്ങി വികസന അതോറിറ്റിയിലേക്ക് തിരികെ പോകുന്ന ജീവനക്കാരുടെ സീനിയോറിറ്റി, പ്രൊമോഷൻ തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും ബന്ധപ്പെട്ട വികസന അതോറിറ്റി പൂർണ്ണ തോതിൽ പ്രവർത്തിച്ചുവെങ്കിൽ ലഭ്യമാകുമായിരുന്ന രീതിയിൽ തന്നെ തുടർന്നും ലഭ്യമാക്കേണ്ടതാണെന്ന് ഉത്തരവായിരുന്നു. ഈ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് പി.എസ്.സി അഡ്വൈസ് ലിസ്റ്റ് പ്രകാരം ടിയാളെക്കാൾ സീനിയറായ ശ്രീ.വി.വി.അനിൽകുമാറിന് 01/01/2014 മുതൽ പ്രാബല്യത്തിൽ ജൂനിയർ സൂപ്രണ്ട് ആയി സ്ഥാനക്കയറ്റം അനുവദിച്ചിട്ടുള്ളത്. ടി ഉത്തരവിന് വിധേയമായി ശ്രീമതി. സുഗന്ധിക്ക് കൂടി സ്ഥാനക്കയറ്റം നൽകാനുള്ള ഒഴിവ് അന്ന് അതോറിറ്റിയിൽ ലഭ്യമല്ലായിരുന്നില്ല. അതിനാൽ ടിയാൾക്കും 01/01/2014 മുതൽ പ്രാബല്യത്തിൽ തൃശ്ശൂർ കോർപ്പറേഷൻ സർവ്വീസിൽ ജൂനിയർ സൂപ്രണ്ട് ആയി ഇപ്പോൾ സ്ഥാനക്കയറ്റം നൽകണമെന്ന പരാമർശം (4) നിവേദനത്തിലെ ആവശ്യം അനുവദിക്കാനാവില്ല. മാത്രമല്ല ഓപ്ഷൻ നൽകി വികസന അതോറിറ്റിയിലേക്ക് സ്വമേധയാ തിരികെ പോയ പരാതിക്കാരിക്ക് മുനിസിപ്പൽ കോമൺ സർവ്വീസിൽ ജോലി ചെയ്യാത്ത കാലഘട്ടത്തിൽ മുൻകാല പ്രാബല്യത്തോടെ സ്ഥാനക്കയറ്റം അനുവദിക്കണമെന്ന ആവശ്യം നിയമപരമായി നിലനില്ക്കുന്നതുമല്ല. ഈ സാഹചര്യത്തിൽ ശ്രീമതി.കെ.സുഗന്ധി സർക്കാരിൽ സമർപ്പിച്ച പരാമർശം (4) പ്രകാരമുള്ള അപേക്ഷ നിരസിച്ചു കൊണ്ടും അപ്രകാരം പരാമർശം (5)-ലെ ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ ഡി**

**ജോയിന്റ് സെക്രട്ടറി**

ശ്രീമതി.കെ.സുഗന്ധി, സീനിയർ ക്ലാർക്ക്, തൃശ്ശൂർ കോർപ്പറേഷൻ.
സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ
ഡയറക്ടർ, നഗരകാര്യ വകുപ്പ്.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**